# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6024** **28.10.2011 ന് മറുപടിയ്ക്ക്**

<u>അവശ്യസാധനങ്ങളുടെ വില ഏകീകരണം</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. തിലോത്തമൻ | ശ്രീ.റ്റി.എം.ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില ഓരോ പ്രദേശത്തും നിശ്ചിയിക്കുന്നത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കാമോ; | (എ)സംസ്ഥാനത്ത് അവശ്യസാധന ങ്ങളുടെ വില ഓരോ പ്രദേശത്തും നിശ്ചിയിക്കുന്നതിന് നിലവിൽ ഏജൻസികൾ ഇല്ല. |
| (ബി) ഒരു മാർക്കറ്റിലെ വിവിധ കടകളിൽ ഒരേ അളവിലുള്ള വസ്തുക്കൾക്ക് പല വിലയീടാക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) അവശ്യവസ്തുക്കളുടെ വിലയിലെ അസന്തുലിതാവസ്ഥയ്ക്ക് കാരണം എന്തെന്ന് വ്യക്തമാക്കുമോ; | (സി)അവശ്യ വസ്തുക്കളുടെ വിലയിലെ അസന്തുലിതാവസ്ഥയ്ക്ക് കാരണങ്ങൾ ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരത്തിലുള്ള വ്യത്യാസം, അവ സംഭരിക്കുന്ന സാഹചര്യങ്ങളുടെ വ്യതിയാനങ്ങൾ, വിപണന കേന്ദ്രങ്ങളുടെ ഗ്രേഡുകളുടെ അന്തരങ്ങൾ ഇവയാണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ ശേഖരിക്കുമ്പോൾ അവയുടെ "ട്രാൻസ്പോർട്ടേഷൻ ചാർജ്ജി"ലുള്ള വ്യത്യാസവും വില്പന വില നിർണ്ണയിക്കുമ്പോൾ അവിഭാജ്യ ഘടകമാകാറുണ്ട്. ഇത് വില്പന വിലയിൽ ഏറ്റക്കുറച്ചിലുകൾക്ക് കാരണമാകുന്നതായി മനസ്സിലാക്കാം. |
| (ഡി) അത് ഒഴിവാക്കുന്നതിനായി വില ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) അവശ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് സർക്കാർ തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ഇ) എല്ലാ കടകളിലും വിൽക്കുന്ന വസ്തുക്കളുടെ സ്റ്റാൻഡേർഡ്, വിലനിലവാരം എന്നിവ പരസ്യമായി പ്രദർശിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കാനും ഇപ്രകാരം ബോർഡ് പ്രദർശിപ്പിക്കാത്ത കടയുടമകൾക്ക്, എതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാനും മുൻകൈ എടുക്കുമോ ? | (ഇ) ജില്ലാ/താലൂക്ക് തലത്തിൽ യഥാക്രമം ജില്ലാ കളക്ടറുടെയും താലൂക്ക് സപ്ലൈ ഓഫീസറുടെയും നേതൃത്വത്തിൽ പ്രവർത്തിച്ച് വരുന്ന പ്രൈസ് മോണിട്ടറിംഗ് സെല്ലുകൾ സിവിൽ സപ്ലൈസ് വകുപ്പ്/ ആരോഗ്യം/ ലീഗൽ മെട്രോളജി/പൊലീസ് തുടങ്ങിയ വകുപ്പുകളുടെ സഹായത്തോടെ നിരന്തരം പരിശോധന നടത്തി ഗുണനിലവാരം പാലിക്കാത്തവർക്കെതിരെയും വിലനിലവാരം പരസ്യമായി പ്രദർശിപ്പിക്കുന്ന ബോർഡുകൾ പ്രദർശിപ്പിക്കാത്ത കടയുടമകൾക്കതിരെയും നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഇപ്രകാരമുള്ള ഏതെങ്കിലും പരാതി ലഭ്യമായാൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>സെക്ഷൻ ഓഫീസർ |